No. |

| Open | Staff | Sibling | M.code. |
|---|---|---|---|

# ശോഭാ അക്കാദമിയിൽ 2022 – 2023 വർഷത്തെ LKG ബാച്ചിലേക്ക് പ്രവേശനത്തിനുള്ള അപേക്ഷാഫോറം

## 1. കുട്ടിയെ സംബന്ധിച്ച വിവരം

1. കുട്ടിയുടെ പേര് (ജനനസർട്ടിഫിക്കറ്റിൽ ഉള്ളത്) :

| | |
|---|---|
| മലയാളത്തിൽ : | |
| ഇംഗ്ലീഷിൽ : | |

2. കുട്ടിയുടെ ജനനതിയ്യതി : ജനനസർട്ടിഫിക്കറ്റിൽ ഉള്ളത്:

3. ആൺ/ പെൺ :

4. മാതാപിതാക്കളുടെ പേര് :

| | |
|---|---|
| അമ്മ : | തൊഴിൽ.: |
| അച്ഛൻ : | തൊഴിൽ : |

5. എത്രാമത്തെ കുട്ടി :

| | | |
|---|---|---|
| ഒന്നാമത്തെ | രണ്ടാമത്തെ | മൂന്നാമത്തെ |

6. കുട്ടിയുടെ സാമൂഹ്യസ്ഥിതി :

| | | | |
|---|---|---|---|
| അമ്മയും അച്ഛനും കൂടെയുണ്ട് | അമ്മമാത്രം | അച്ഛൻ മാത്രം | അനാഥ |

7. കുട്ടിയുടെ അമ്മയുടെ അവസ്ഥ :

| | | | | |
|---|---|---|---|---|
| വിധവ | ഭർത്താവ് ഉപേക്ഷിക്കപ്പെട്ട സ്ത്രീ | വിവാഹമോചിത | അനാഥ | സാധാരണ |

8. കുട്ടിയുടെ മാതാപിതാക്കളുടെ സാമൂഹ്യ പാശ്ചാത്തലം :

| ജാതി | മതം | കാറ്റഗറി(SC/ST/OBC/GEN) |
|---|---|---|
| | | |

9. കുട്ടിയുടെ മാതാപിതാക്കളുടെ മാസവരുമാനം : Rs.

10. കുട്ടിയുടെ സഹോദരി / സഹോദരൻ ശോഭാ അക്കാദമിയിൽ പഠിക്കുന്നുണ്ടോ :

| | |
|---|---|
| ഉണ്ട് : | ഇല്ല : |

ഉണ്ടെങ്കിൽ :

| | |
|---|---|
| പേര് : | ക്ലാസ് : |

11. കുട്ടിയുടെ രക്ഷിതാക്കളുടെ മേൽവിലാസം :

സ്ഥിരമായത് : വീട്ടുപേര്.......................................................മുത്തച്ഛൻ/മുത്തശ്ശിയുടെ പേര്................................

സ്ഥലപ്പേര്..................................................................................... വാർഡ്നമ്പർ....................................................

പഞ്ചായത്ത്.................................................... പോസ്റ്റ്..........................................................പിൻ.........................

12. എത്ര വർഷമായി ഈ മേൽവിലാസത്തിൽ താമസിക്കുന്നു.

13. രക്ഷിതാക്കളെ സമീപിക്കാനുള്ള ടെലഫോൺ നമ്പരുകൾ:

1. സ്വന്തം നമ്പർ: 1) 2) മൊബൈൽ:
2. അയൽപക്കത്തെ വീട് (പേര്.......................................................) നമ്പർ:
3. അയൽപക്കത്തെ വീട് (പേര്.......................................................) നമ്പർ:

14. നിങ്ങളുടെ അയൽപക്കത്ത് ശോഭാ അക്കാദമിയിൽ പഠിക്കുന്ന കുട്ടികൾ ഉണ്ടോ? ഉണ്ടെങ്കിൽ കുട്ടിയുടെ പേരും, രക്ഷിതാവിന്റെ പേരും ഫോൺ നമ്പറും.

15. കുടുംബത്തിന്റെ റേഷൻകാർഡിന്റെ നമ്പർ

16. നിങ്ങളുടെ കുടുംബത്തിന്റെ കുറുമ്പ BPL കാർഡ് നമ്പർ

17. തിരിച്ചറിയൽ (ഇലക്ഷൻ) കാർഡിന്റെ നമ്പർ

അച്ഛൻ: അമ്മ:

## 2. കുട്ടിയുടെ കുടുംബത്തെ സംബന്ധിച്ച വിവരങ്ങൾ

| | ആൾ | പേര് | വയസ്സ് | വിദ്യാഭ്യാസം | തൊഴിൽ | ജോലി ചെയ്യുന്ന സ്ഥലം | മാസ വരുമാനം |
|---|---|---|---|---|---|---|---|
| 1. | അച്ഛൻ | | | | | | |
| 2. | അമ്മ | | | | | | |
| 3. | മുത്തച്ഛൻ | | | | | | |
| 4. | മുത്തശ്ശി | | | | | | |
| 5. | കുട്ടി–1 | | | | | | |
| 6. | കുട്ടി – 2 | | | | | | |
| 7. | കുട്ടി – 3 | | | | | | |
| 8. | മറ്റുള്ളവർ | | | | | | |

### 1. രക്ഷിതാക്കളുടെ സാക്ഷ്യപത്രം

ഈ ഫോറത്തിൽ നൽകിയിട്ടുള്ള എല്ലാ വിവരങ്ങളും സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ട്രസ്റ്റിന്റെ അന്വേഷണത്തിൽ അവ തെറ്റാണെന്ന് തെളിയുന്ന പക്ഷം ഈ അപേക്ഷ മുന്നറിയിപ്പില്ലാതെ നിരസിക്കാവുന്നതാണ്. ഈ അഡ്മിഷൻ **LKG, UKG** ക്ലാസുകളിൽ പഠിക്കുവാൻ മാത്രമാണെന്നും 1൦ ക്ലാസുമുതലുള്ള തുടർ പഠനത്തിന് കോവിട് പ്രതിസന്ധി തീരുന്ന സമയത്ത് ട്രസ്റ്റ് നടത്തുന്ന പരിശോധനയിൽ എന്തെങ്കിലും അയോഗ്യതകൾ കണ്ടെത്തിയാൽ ട്രസ്റ്റ് എടുക്കുന്ന ഏതു തീരുമാനങ്ങളും ഞങ്ങൾക്ക് സ്വീകാര്യമണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. ഞങ്ങളുടെ കുടുംബത്തിൽ ഉണ്ടാവുന്ന വിവാഹങ്ങളിൽ ഞങ്ങൾ സ്ത്രീധനം വാങ്ങുകയോ നൽകുകയോ ഇല്ല. സ്ത്രീധനം വാങ്ങുന്നതും നൽകുന്നതും നിയമവിവരുദ്ധമാണെന്ന് ഞങ്ങൾക്ക് പരിപൂർണബോധ്യമുണ്ട്.

അച്ഛൻ: പേര്, ഒപ്പ് അമ്മ: പേര്, ഒപ്പ് തിയ്യതി

### 2. പഞ്ചായത്ത് മെമ്പറുടെ സാക്ഷ്യപത്രം

(അപേക്ഷകന്റെ കുടുംബം സ്ഥിരമായി താമസിച്ചുവരുന്ന സ്ഥലം ഉൾപ്പെടുന്ന വാർഡ് അംഗം സാക്ഷ്യപ്പെടുത്തണം)

താഴെപറയുന്നവ സത്യമാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

1. ശോഭാ അക്കാദമിയിൽ 2022 എൽ.കെ.ജി. ബാച്ചിലേക്ക് പ്രവേശനത്തിനായി അപേക്ഷിച്ച ..............................എന്ന കുട്ടിയുടെ അച്ഛനമ്മമാരായ ശ്രീ.............................. ശ്രീമതി.............................. കഴിഞ്ഞ 7 വർഷത്തിലേറെയായി ഈ വാർഡിൽ സ്ഥിരതാമസമാണ്. അവരുടെ പേരുകൾ .............................. നമ്പർ റേഷൻകാർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
2. അപേക്ഷകർക്ക് ..........കുട്ടികൾ ഉണ്ട്. മൂത്തകുട്ടി.............................. ഇളയകുട്ടി..............................
3. പ്രസ്തുത കുടുംബം സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നതാണ്. ഗൃഹനാഥന്റെ പ്രധാന തൊഴിൽ ..............................ഉം പ്രതിമാസ വരുമാനം ഏകദേശം .............................. രൂപയുമാണ്.
4. അപേക്ഷകർ ലഹരിപദാർത്ഥങ്ങൾക്കടിമയല്ല. അവരുടെ പേരിൽ ക്രിമിനൽ കേസുകൾ ഇല്ല. അവർ കേസിൽ ശിക്ഷിക്കപ്പെട്ടിട്ടില്ല.
5. അപേക്ഷകന്റെ വീട്ടിൽ നിന്നും പന്നിയങ്കരയിലേക്ക് ഏകദേശം .............................. കി.മീറ്റർ ദൂരമുണ്ട്.
6. അപേക്ഷകന്റെ കുടുംബം പഞ്ചായത്തിന്റെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്/ ഇല്ല.
7. മുകളിൽ പറഞ്ഞവ എല്ലാം ശരിയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ, അപേക്ഷകന്റെ കുട്ടിയെ ശോഭാ അക്കാദമിയിൽ പ്രവേശനത്തിന് പരിഗണിക്കാമെന്ന് ഞാൻ ശുപാർശ ചെയ്യുന്നു.

ഒപ്പ് പേര് : തിയ്യതി

വാർഡ് നമ്പർ വാർഡ് പേര്

പഞ്ചായത്ത് ഫോൺ നമ്പർ

## കോവിഡ്-19 അസുഖത്തിനോടനുബന്ധിച്ച വിവരങ്ങൾ

**1 നിങ്ങൾക്ക് കോവിഡ്-19 അസുഖം ബാധിച്ചിരുന്നോ?**

ഉണ്ടെങ്കിൽ കോവിഡ്-19 ബാധിച്ച തിയതി ........................
(ടെസ്റ്റ് റിപ്പോർട്ടിന്റെ കോപ്പി അപേക്ഷയോടൊപ്പം വെയ്ക്കുക.)

| ലക്ഷണങ്ങൾ പ്രകടമായ തിയതി | ടെസ്റ്റ് ചെയ്ത തിയതി | ആന്റിജെൻ ടെസ്റ്റ് / RTPCR ടെസ്റ്റ് |
|---|---|---|
| | | |

**2 എന്നാണ് നിങ്ങളുടെ കോവിഡ്-19 ടെസ്റ്റ് നെഗറ്റീവ് ആയത്**

(കോവിഡ്-19 നെഗറ്റീവ് ടെസ്റ്റ് ആയ റിപ്പോർട്ടിന്റെ കോപ്പി അപേക്ഷയോടൊപ്പം വെയ്ക്കുക.)

| ടെസ്റ്റ് ചെയ്ത തിയതി | ആന്റിജെൻ ടെസ്റ്റ് / RTPCR ടെസ്റ്റ് |
|---|---|
| | |

**3 നിങ്ങൾ കോവിഡ്-19 വൈറസിനെതിരെ വാക്സിൻ എടുത്തിട്ടുണ്ടോ?**

ഉണ്ടെങ്കിൽ താഴെപറയുന്ന വിവരങ്ങൾ നൽകുക

| വാക്സിന്റെ പേര് | ആദ്യ ഡോസ് എടുത്ത തിയതി | രണ്ടാം ഡോസ് എടുത്ത തിയതി | പ്രായ വിഭാഗം | വാക്സിൻ എടുത്ത സെന്റർ | വാക്സിനേഷൻ എടുത്തതിന്റെ സർട്ടിഫിക്കറ്റിന്റെ കോപ്പി അപേക്ഷയോടൊപ്പം വെയ്ക്കുക |
|---|---|---|---|---|---|
| | | | | | |

**അച്ഛൻ**

**പേര്**

**ഒപ്പ്**

**അമ്മ**

**പേര്**

**ഒപ്പ്**

# ശ്രീ കുറുമ്പ എഡ്യുക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് ശോഭാ അക്കാദമിയിൽ 2022 – 23 വർഷത്തെ LKG ബാച്ചിലേക്ക് പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ്:

1. **ശ്രീ കുറുമ്പ എഡ്യുക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ്**

ശോഭാ ലിമിറ്റഡിന്റെ സാമൂഹ്യ ഉത്തരവാദിത്വ വിഭാഗമായ (CSR) ശ്രീ കുറുമ്പ എഡ്യുക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് 1994ലാണ് സ്ഥാപിക്കപ്പെട്ടത് . ശ്രീ. പി.എൻ.സി. മേനോനും ശ്രീമതി ശോഭാ മേനോനും ട്രസ്റ്റിമാരായ ഈ സ്ഥാപനം വടക്കഞ്ചേരി, കിഴക്കഞ്ചേരി, കണ്ണമ്പ്ര ഗ്രാമപഞ്ചായത്തുകളിലെ 4500 ഓളം കുടുംബങ്ങളുടെ സാമൂഹ്യ ശാക്തീകരണം മുഖ്യലക്ഷ്യമാക്കി പ്രവർത്തിച്ചു വരുന്നു. വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ തുടങ്ങിയ അടിസ്ഥാന മേഖലകളിലാണ് ട്രസ്റ്റ് ശാക്തീകരണത്തിന് ശ്രമിക്കുന്നത്. ഇതിനായി, ദി ശോഭാ അക്കാദമി, ശോഭാ ഹെൽത്ത് കെയർ, ശോഭാ ഐക്കൺ, ശോഭാ ഹെർമിറ്റേജ് , മുതലായ സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. മറ്റു നിരവധി പരിപാടികളും സാമൂഹിക നൻമക്കായി ആസൂത്രണം ചെയ്തു കൊണ്ടിരിക്കുന്നു.

2. **ദി ശോഭാ അക്കാദമി**

വിദ്യാഭ്യാസ ശാക്തീകരണത്തിനുള്ള ശ്രീ കുറുമ്പ എഡ്യുക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റിന്റെ സ്ഥാപനങ്ങളിൽ മുഖ്യമായതാണ് ദി ശോഭാ അക്കാദമി . 2007 ജൂണിൽ പ്രവർത്തനമാരംഭിച്ച അക്കാദമിയിൽ, നിലവാരമുള്ള പഠനസൗകര്യങ്ങളും സേവനങ്ങളും സൗജന്യമായി ലഭ്യമാണ്. വടക്കഞ്ചേരി, കിഴക്കഞ്ചേരി, കണ്ണമ്പ്ര പഞ്ചായത്തുകളിലെ നിർധനരായ കുടുംബങ്ങളിൽപ്പെട്ട 1115 കുട്ടികൾ ഇപ്പോൾ പഠിക്കുന്നു. അറിവിലും, കഴിവിലും, മികവിലും അന്താരാഷ്ട്ര നിലവാരത്തിലേക്ക് കുട്ടികളെ നയിക്കുകയാണ് അക്കാദമിയുടെ പ്രഖ്യാപിത ലക്ഷ്യം. ഇതിലേക്കാവശ്യമായ സഹായ സംവിധാനങ്ങൾ ട്രസ്റ്റ് ഒരുക്കിയിട്ടുണ്ട്. രാജ്യത്തെ ഏതൊരു പബ്ലിക് സ്കൂളിനോടും താരതമ്യം ചെയ്യാവുന്ന പശ്ചാത്തല സൗകര്യങ്ങളും പഠനബോധന സംവിധാനങ്ങളും ഈ മൂന്നു പഞ്ചായത്തിലെ ഏറ്റവും നിർധനരായ കുടുംബങ്ങളിലെ കുട്ടികൾക്ക് ലഭ്യമാക്കിക്കൊണ്ടുള്ള വിദ്യാഭ്യാസപരമായ ശാക്തികരണമാണ് ശോഭാ അക്കാദമി ലക്ഷ്യമിടുന്നത്.

3. **2022 – 2023 വർഷത്തെ LKG പ്രവേശനം**

വടക്കഞ്ചേരി, കിഴക്കഞ്ചേരി, കണ്ണമ്പ്ര പഞ്ചായത്തുകളിലെ ഏറ്റവുമർഹരായ **90 പെൺകുട്ടികൾക്ക് മാത്രം** പ്രവേശനം നൽകുക ലക്ഷ്യമാക്കി 2022 ജൂണിൽ തുടങ്ങുന്ന LKG ബാച്ചിലേക്കുള്ള പ്രവേശന പ്രക്രിയ 2021 സെപ്തമ്പറിൽ ആരംഭിക്കുന്നു. ഈ അഡ്മിഷൻ LKG, UKG ക്ലാസുകളിൽ പഠിക്കുവാൻ മാത്രമായിരിക്കും. 1ാം ക്ലാസുമുതലുള്ള തുടർ പഠനത്തിന് ആസമയത്ത് പുതിയ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

4. **അടിസ്ഥാന യോഗ്യതകൾ**

1) കുട്ടിയുടെ ജനന തിയ്യതി 01.06.2017 നും 31.05.2018 നും മദ്ധ്യേയായിരിക്കണം. അതായത് 2022 ജൂൺ 1 ന് കുട്ടിയ്ക്ക് 4 വയസ്സ് പൂർത്തിയായിരിക്കണം.
2) രക്ഷിതാക്കൾ വടക്കഞ്ചേരി, കിഴക്കഞ്ചേരി, കണ്ണമ്പ്ര പഞ്ചായത്തുകളിൽ കഴിഞ്ഞ 15 വർഷമായി സ്ഥിരതാമസക്കാരായിരിക്കണം. ഇവിടത്തെ റേഷൻ കാർഡിൽ പേരുണ്ടായിരിക്കണം.
3) കുടുംബം സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽക്കുന്നതാകണം. പ്രതിമാസ കുടുംബവരുമാനം 20000 രൂപയിൽ കവിയരുത്. കുടുംബത്തിന് 30 സെന്റിൽ കൂടുതൽ ഭൂമി ഉണ്ടാവരുത്. വീടിന്റെ വലുപ്പം 1000 ചതുരശ്ര അടിയിൽ കൂടരുത്.
4) മാതാപിതാക്കൾ രണ്ടിലധികം കുട്ടികൾ ഉള്ളവരാകരുത്. രണ്ടുകുട്ടികൾ ഉള്ളവർ സ്ഥിരമായ കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ചവരാകണം
5) മാതാപിതാക്കൾ മദ്യപാനികളോ, മറ്റു ലഹരിപദാർത്ഥങ്ങൾക്ക് അടിമകളോ ആകരുത്.
6) മാതാപിതാക്കൾ ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ടവരോ അത്തരം കേസുകളിൽ വിചാരണ ചെയ്യപ്പെടുന്നവരോ ആകരുത്.
7) ശ്രീ കുറുമ്പ ട്രസ്റ്റിന്റെ ബി.പി.എൽ. പട്ടികയിൽ കുടുംബം ഉൾപ്പെട്ടിരിക്കണം.
8) കുട്ടിയ്ക്ക് അതാത് സമയങ്ങളിൽ നൽകേണ്ട രോഗപ്രതിരോധ കുത്തിവെപ്പുകൾ നടത്തിയിരിക്കേണ്ടതാണ്.

5. തിരഞ്ഞെടുപ്പ് പ്രക്രിയ

താഴെ കൊടുത്തിരിക്കുന്ന സമയക്രമമനുസരിച്ചാണ് സെലക്ഷൻ പ്രക്രിയ നടക്കുക. നിശ്ചിത ഫോറത്തിലുള്ള രക്ഷിതാക്കളുടെ അപേക്ഷകളുടേയും ട്രസ്റ്റ് നടത്തുന്ന വിശദമായ അന്വേഷണ-പഠനങ്ങളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ചുരുക്കപ്പട്ടികയിൽനിന്നും, രക്ഷിതാക്കളുടെയും പഞ്ചായത്തധികൃതരുടെയും ക്ഷണിക്കപ്പെട്ട മറ്റ് അതിഥികളുടേയും, ട്രസ്റ്റ് ചെയർമാന്റെയും സാന്നിദ്ധ്യത്തിൽ തുറന്ന വേദിയിൽ വെച്ച് നടത്തുന്ന നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്കാണ് അക്കാദമിയിൽ പ്രവേശനം ലഭിക്കുക. യാതൊരുവിധ ശുപാർശകളും സ്വീകരിക്കുന്നതല്ല.

6. പ്രവേശന സമയ പട്ടിക

| നം | പ്രക്രിയ | സമയക്രമം |
|---|---|---|
| 1 | അപേക്ഷഫോറം വിതരണം ചെയ്യൽ (ഓൺലൈൻ) | 07.09.21 മുതൽ |
| 2 | പൂരിപ്പിച്ച അപേക്ഷഫോറം തിരിച്ചു നൽകൽ (ഓൺലൈൻ) | 07.10.21 വരെ |
| 3 | അപേക്ഷകളുടെ പ്രാഥമിക പരിശോധന | 07.10.21 |
| 4 | കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യസ്ഥിതി തിട്ടപ്പെടുത്തൽ | 09.10.21 മുതൽ |
| 5 | നറുക്കെടുപ്പിനുള്ള അന്തിമ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കൽ | 01.12.21 |
| 6 | നറുക്കെടുപ്പ് | 15.12.21 |
| 7 | തിരഞ്ഞെടുത്ത കുട്ടികളുടെ പട്ടിക പ്രസിദ്ധീകരിക്കൽ | 16.12.21 |
| 8 | അക്കാദമിയിൽ ചേർക്കൽ | മെയ് 2022 |
| 9 | അക്കാദമിയിൽ ക്ലാസ്സ് ആരംഭിക്കുന്നത് | ജൂൺ 2022 |
| | | |
| | | |
| | | |
| | | |

7. അവശ്യരേഖകൾ

താഴെപ്പറയുന്ന രേഖകളുടെ കോപ്പികൾ അപേക്ഷയോടൊപ്പം **lkgadmission@gmail.com** എന്ന ഇമെയിൽ ഐഡിയിലേക്ക് അയക്കുക.

(1) കുട്ടിയുടെ ജനന സർട്ടിഫിക്കറ്റിന്റെ കോപ്പി
(2) കുട്ടിയുടെ അച്ഛന്റെയും അമ്മയുടേയും പേരുള്ള റേഷൻകാർഡിന്റെ കോപ്പി
(3) ട്രസ്റ്റ് ബി.പി.എൽ. കാർഡിന്റെ കോപ്പി.
(4) കുട്ടിയുടെ പ്രതിരോധ കുത്തിവെയ്പ്പ് കാർഡിന്റെ കോപ്പി.

8. മാർഗ്ഗദർശനത്തിന് ബന്ധപ്പെടുക

തെറ്റായ വിവരങ്ങൾ നൽകുന്നതുൾപ്പെടെ പ്രവേശന പ്രക്രിയയിൽ സ്വാധീനിക്കാൻ ശ്രമിക്കുന്നവരുടെ അപേക്ഷകൾ മുന്നറിയിപ്പില്ലാതെ തള്ളുന്നതാണ്. പ്രവേശനവുമായി ബന്ധപ്പെട്ട എല്ലാ മാർഗ്ഗദർശനത്തിനും ട്രസ്റ്റിന്റെ **സാമൂഹിക ശാക്തീകരണ വിഭാഗവുമായി** മാത്രം ബന്ധപ്പെടുക. ഫോൺ : 9142198228

വിലാസം:
**സാമൂഹിക ശാക്തീകരണ വിഭാഗം (SED)**
ശ്രീ കുറുമ്പ ട്രസ്റ്റ്, ശ്രീ കുറുമ്പ ഗ്രാമം,
മൂലങ്കോട്, പാലക്കാട് ജില്ല.
ഫോൺ: 04922 - 254503